"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ. - ഹരിപ്പാട് മുനിസിപ്പാലിറ്റി - ഭവന പരിസരം മണ്ണിട്ട് ഉയർത്തൽ പദ്ധതി (പ്രോജക്റ്റ് നം.78/2020, അടങ്കൽ തുക 5,00,000/-, വികസന ഫണ്ട്) - അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.459/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/02/2020

---

പരാമർശം:- 1 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2019-ലെ കത്ത് (SRG 978/19)

2 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ നടപടിക്കുറിപ്പിലെ തീരുമാനം നമ്പർ 4.26.

**ഉത്തരവ്**

ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിലുള്ളവരുടെ നിരവധി വീടുകളുടെ അടിത്തറയ്ക്ക് പ്രളയം മൂലം ബലക്ഷയം സംഭവിച്ചിട്ടുണ്ട്. ഇവരുടെ ഭവന പരിസരം മണ്ണിട്ടുയർത്തുന്നതിനുള്ള പ്രോജക്റ്റിന് (പ്രോജക്റ്റിന്റെ പേര് - 'ഭവന പരിസരം മണ്ണിട്ട് ഉയർത്തൽ', പ്രോജക്റ്റ് നം.78/2020, അടങ്കൽ തുക 5,00,000/-, വികസന ഫണ്ട്) ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. 25 കുടുംബങ്ങൾക്ക് 20,000/- രൂപ വീതം നൽകാൻ ഉദ്ദേശിക്കുന്ന ടി പദ്ധതി, 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും, തീരുമാനം നമ്പർ 4.26 പ്രകാരം സർക്കാരിൽ നിന്ന് മറ്റ് ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കി ഭവന പരിസരം മണ്ണിട്ടുയർത്തുന്നതിന് പ്രോജക്റ്റ് നടപ്പാക്കാവുന്നതാണെന്നും എന്നാൽ ഓരോ കുടുംബത്തിനും 20,000/- രൂപ വീതം നൽകുന്ന രീതി പാടില്ലെന്നും ചെയ്യുന്ന പ്രവൃത്തിയുടെ മെഷർമെന്റ് പ്രകാരം ധനസഹായം നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പ്രളയം മൂലം ബലക്ഷയം സംഭവിച്ചിട്ടുള്ള പട്ടികജാതി വിഭാഗത്തിലുള്ളവരുടെ ഭവന പരിസരം

മണ്ണിട്ടുയർത്തുന്നതിനുള്ള പദ്ധതി (പ്രോജക്ടിന്റെ പേര് - 'ഭവന പരിസരം മണ്ണിട്ട് ഉയർത്തൽ', പ്രോജക്ട് നം.78/2020, അടങ്കൽ തുക 5,00,000/-, വികസന ഫണ്ട്), സർക്കാരിൽ നിന്ന് മറ്റ് ധനസഹായം ലഭിച്ചിട്ടില്ലെന്ന് ഉറപ്പാക്കി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ പദ്ധതിയിൽ ഓരോ കുടുംബത്തിനും 20,000/- രൂപ വീതം ധനസഹായം നൽകുന്നത് അനുവദനീയമല്ലെന്നും ചെയ്യുന്ന പ്രവൃത്തിയുടെ മെഷർമെന്റ് പ്രകാരം മാത്രം ധനസഹായം നൽകേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ.
സെക്രട്ടറി, ഹരിപ്പാട് മുനിസിപ്പാലിറ്റി.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.02.25 [illegible]5:49 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.